## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6021** **19.11.2019-ൽ മറുപടിക്ക്**

## പ്രാഥമിക സഹകരണ സംഘങ്ങളിൽ നിയമനങ്ങൾക്ക് സംവരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, അബ്ദുൽ ഹമീദ് പി.<br>,, എൻ. ഷംസുദ്ദീൻ<br>,, ടി.വി. ഇബ്രാഹിം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിയമനങ്ങൾക്ക് സംവരണം ബാധകമാണോ; എങ്കിൽ അർഹരായ വിഭാഗങ്ങളും സംവരണം ഏർപ്പെടുത്തിയ ശതമാനവും വിശദമാക്കുമോ; | (എ) | കേരള സഹകരണ സംഘം നിയമം 1969 വകുപ്പ് 80(4) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ നേരിട്ടുള്ള നിയമനത്തിന് ഓരോ സംഘത്തിലെയും ജീവനക്കാരുടെ പത്ത് ശതമാനം തസ്തികകൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നും നിയമനം നടത്തുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പ് 80(5) പ്രകാരം ഓരോ സംഘത്തിന്റെ ആകെ തസ്തികകളിൽ മൂന്ന് ശതമാനം തസ്തികകൾ നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ള വികലാംഗർക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെട്ട പ്രകാരം സംവരണം ചെയ്തിട്ടുണ്ട്. |
| (ബി) | പി.എസ്.സി. നിയമനങ്ങളിലുള്ളതു പോലെ റൊട്ടേഷൻ അനുസരിച്ചാണോ നിയമനങ്ങൾ നടത്തുന്നത്; വിശദമാക്കുമോ; | (ബി) | അല്ല. പി.എസ്.സി. നിയമനങ്ങൾക്ക് നടപ്പിലാക്കിയിട്ടുള്ള റോട്ടേഷൻ അനുസരിച്ചുള്ള സംവരണതത്വം സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | സംവരണം നിലവിലില്ലെങ്കിൽ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സംവരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ